LIBRARY ARCHIVES Kerala Legislative Assembly

ധന ഉത്തരവാദിത്ത നിയമം

70 (75) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കൊണ്ടുവന്ന ധന ഉത്തരവാദിത്വ നിയമത്തിൽ നിഷ്കർഷിച്ച പ്രകാരമുള്ള ലക്ഷ്യങ്ങൾ കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടോ ; ലക്ഷ്യവും നാളിതുവരെയുള്ള നേട്ടവും സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) എന്തെല്ലാം കാര്യങ്ങളിലാണ് ലക്ഷ്യത്തിലെത്താൻ കഴിയാതെ പോയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് ധവള പത്രം പുറത്തിറക്കുമോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിലെ ധനകമ്മി, റവന്യൂ കമ്മി, കടബാധ്യതകൾ തുടങ്ങിയവയുടെ ധന ഉത്തരവാദിത്ത നിയമപ്രകാരമുള്ള ലക്ഷ്യവും നേട്ടവും ചുവടെ ചേർക്കുന്നു :

(ജി. എസ്.ഡി.പി.യുടെ ശതമാനത്തിൽ)

	2011-12		2012-13		2013-14		2014-15	
	ലക്ഷ്യം	നേട്ടം	ലക്ഷ്യം	നേട്ടം	ലക്ഷ്യം	നേട്ടം	ലക്ഷ്യം	നേട്ടം
റവന്യൂ കമ്മി	1.4	2.61	0.9	2.68	0.5	2.63	0	2.78
ധനകമ്മി	3.50	4.16	3.50	4.29	3.0	3.94	3.00	3.75
കടബാധ്യത	32.3	29.04	31.7	29.64	30.7	27.66	29.80	27.26

(സി) സംസ്ഥാനത്ത് ധവളപത്രം പുറപ്പെടുവിക്കാനുള്ള ഒരു സാഹചര്യം ഇപ്പോൾ നിലവിലില്ല.

എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട്

71 (76) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ. യുടെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും 2016-17 വർഷത്തെ 5 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി എന്നുമുതൽ കൊടുത്തു തുടങ്ങുമെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുസംബന്ധിച്ച പ്രൊപ്പോസലുകൾ നേരത്തേ സമർപ്പിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) നിലവിൽ ഏപ്രിൽ ഒന്നു മുതൽ ആരംഭിക്കുന്ന സാമ്പത്തിക വർഷത്തേയ്ക്കുള്ള പ്രൊപ്പോസലുകൾ അതാത് സാമ്പത്തിക വർഷത്തിൽ മാത്രം സ്വീകരിച്ച് ആസ്തി വികസന പദ്ധതിയുടെ നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി പരിശോധിക്കുകയും ഭരണാനുമതിക്കുള്ള ധനാനുമതി നൽകുകയുമാണ് ചെയ്തുവരുന്നത്. ആയതിനാൽ 2016-17 വർഷത്തെ 5 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ആ സാമ്പത്തിക വർഷത്തിൽ മാത്രമേ കൊടുത്തു തുടങ്ങാൻ സാധിക്കുകയുള്ളൂ.

കേരള സംസ്ഥാന സംരംഭക മിഷൻ

72 (77) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന സംരംഭക മിഷന്റെകീഴിൽ ഇതുവരെയായി എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ ;

(ബി) ഇതുവരെ എത്ര പേർക്കാണ് ഇതിന്റെ ആനുകൂല്യങ്ങൾ കിട്ടിയിട്ടുള്ളത്; ഇതിനായി ചെലവഴിച്ച രൂപ എത്രയാണ്; ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ ;

(സി) സംരംഭകർക്ക് നിലവിൽ എന്തെല്ലാം പരിശീലനങ്ങൾ നൽകിവരുന്നു ; ഓരോ സംരംഭത്തിനും എത്ര രൂപ വീതമാണ് സഹായം നൽകുന്നത്; വിശദമാക്കാമോ ?

ഉത്തരം

(എ) 31-10-2015 ലെ കണക്കുകൾ പ്രകാരം 1092 സംരംഭങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 233 സംരംഭങ്ങൾക്ക് വായ്പ അനുവദിച്ച് പ്രവർത്തനത്തിനു വേണ്ടിയുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly